**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

| | |
|---|---|
| **നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.575** | **29/06/2015 ൽ മറുപടിയ്ക്ക്** |

## കശുവണ്ടി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.കെ .ഗുരുദാസൻ | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) കശുവണ്ടി വ്യവസായ മേഖലയിലെ പ്രതിസന്ധി, നവീകരണ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് പഠനം നടത്തുന്നതിന് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ; | (എ) | കശുവണ്ടി വ്യവസായ രംഗത്ത് യന്ത്രവൽക്കരണം വ്യാപകമാകുന്ന സാഹചര്യത്തിൽ വ്യവസായത്തിന്റെ ഇന്നത്തെ സ്ഥിതിയെപ്പറ്റി പഠിക്കുവാനും, യന്ത്രവൽക്കരണരംഗത്ത് പുതിയ കൂലി ഘടന നിശ്ചയിക്കുന്നതിന് വേണ്ടി തൊഴിലാളി - തൊഴിലുടമ- ഗവൺമെന്റ് പ്രതിനിധികൾ അടങ്ങിയ ഒരു കമ്മിറ്റി GO(Rt)448/2015/ID തീയതി 06/06/2015 പ്രകാരം രൂപീകരിച്ചിട്ടുണ്ട്. മൂന്നു മാസത്തിനകം കമ്മിറ്റി സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നതാണ്. |
| (ബി) കശുവണ്ടി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് ഗവൺമെന്റ് തലത്തിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയ തീരുമാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ; അടച്ചിട്ടിരിക്കുന്ന കശുവണ്ടി ഫാക്ടറികൾ തുറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ? | (ബി) | കശുവണ്ടി വികസന കോർപറേഷനിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് ഗവൺമെന്റ് തലത്തിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയിൽ ബാക്കി നൽകുവാനുണ്ടായിരുന്ന 13 കോടി രൂപ അനുവദിച്ചു നൽകിയിട്ടുള്ളതും ഈ തുക വിനിയോഗിച്ച് തോട്ടണ്ടി വാങ്ങി കോർപറേഷൻ ഫാക്ടറികൾ 25/05/2015 മുതൽ പ്രവർത്തനം പുനരാരംഭിച്ചിട്ടുള്ളതുമാണ്.<br>കാപെക്സിന്റെ അധീനതയിലുള്ള പത്ത് ഫാക്ടറികളും തുടർച്ചയായി പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ